# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T 5187

27.07.2015-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ സിവിൽ സർവ്വീസ് അക്കാദമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരള സിവിൽ സർവ്വീസ് അക്കാദമിക്ക് ഏതൊക്കെ സ്ഥലങ്ങളിൽ സെന്ററുകൾ ഉണ്ടെന്ന് പറയാമോ ; | (എ) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിക്ക് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, കോന്നി എന്നിവിടങ്ങളിൽ നിലവിൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂവാറ്റുപുഴയിൽ കേന്ദ്രം ആരംഭിക്കുന്നതിനായി കെട്ടിടനിർമ്മാണം പൂർത്തിയായി വരുന്നു. ഇതു കൂടാതെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി പൊന്നാനിയിൽ ആരംഭിച്ചിട്ടുള്ള "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്" ലും സിവിൽ സർവ്വീസ് പരിശീലന കോഴ്സുകൾ നടത്തി വരുന്നു. |
| (ബി) ഭാഷാ-മത-ന്യൂനപക്ഷങ്ങൾ ഏറെ താമസിക്കുന്ന കാസർഗോഡ് ജില്ലയ്ക്ക് സിവിൽ സർവ്വീസ് മേഖല അപ്രാപ്യമാകുന്നു എന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇതു സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കാസർഗോഡ് ജില്ലയിൽ കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ